## പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2146 — 07.12.2015-ൽ മറുപടിയ്ക്ക്

## ഒറ്റപ്പാലത്ത് ഫിലിംസിറ്റി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ എം ഹംസ | തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്ട്സും സിനിമയും വകുപ്പ മന്ത്രി) |
| (എ) ഒറ്റപ്പാലത്ത് ഫിലിം സിറ്റി സ്ഥാപിക്കുന്നതിനുള്ള നടപടികളുടെ പുരോഗതി വ്യക്തമാക്കുമോ; | (എ) ഒറ്റപ്പാലം താലൂക്കിൽ ഇറിഗേഷൻ വകുപ്പിന്റെ അധീനതയിലുള്ള മൂന്ന് ഏക്കർ മൂന്ന് സെന്റ് ഭൂമി ഫിലിംസിറ്റി നിർമ്മാണത്തിനായി സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന് മുപ്പത് വർഷം പാട്ടത്തിന് നൽകുവാൻ സർക്കാർ ഉത്തരവായിട്ടുണ്ട്. ഈ പദ്ധതിക്കായി എം.എൽ.എ ഫണ്ടിൽ നിന്നും തുക അനുവദിക്കുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലാണ്. |
| (ബി) പ്രസ്തുത ഫിലിം സിറ്റി സ്ഥാപിക്കുന്നതിനായി ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഫിലിം സിറ്റിയുടെ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചുവോ; ഇല്ലെങ്കിൽ എന്നാരംഭിക്കുവാൻ കഴിയും; വിശദമാക്കുമോ; വിശദാംശം ലഭ്യമാക്കുമോ; | (ബി) ഇല്ല. എന്നാൽ 2011-12, 2012-13 വർഷങ്ങളിലെ ബഡ്ജറ്റ് പ്രസംഗങ്ങളിൽ യഥാക്രമം 50 ലക്ഷവും ഒരു കോടി രൂപയും വകയിരുത്തിയിരുന്നു. |
| (സി) പ്രസ്തുത ഫിലിം സിറ്റി സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് ബഹു.മാനപ്പെട്ട മുഖ്യമന്ത്രി എത്ര പ്രാവശ്യം യോഗം വിളിച്ചിട്ടുണ്ട്; യോഗ തീരുമാനങ്ങൾ എന്തെല്ലാമായിരുന്നു; വിശദാംശം ലഭ്യമാക്കുമോ; യോഗ തീരുമാനങ്ങൾ | (സി) യും (ഡി) യും (ഇ) യും മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 14.12.12, 13.6.13 തീയതികളിൽ യോഗം ചേർന്നു. യോഗ തീരുമാനങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. ഒറ്റപ്പാലം ഫിലിംസിറ്റി നിർമ്മിക്കുന്നതിനാവശ്യമായ ഫണ്ട് എം.എൽ.എ.യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും അനുവദിക്കുന്നതിന് ശുപാർശ |

നടപ്പിലാക്കിയോ; വിശദാംശം ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത ഫിലിംസിറ്റി സ്ഥാപിക്കുന്നതിനായി ഏതെല്ലാം ഫണ്ടുകൾ ഉപയോഗിക്കാനാണ് തീരുമാനം എടുത്തിട്ടുള്ളത്; വിശദാംശം നൽകുമോ; പ്രസ്തുത ഫിലിംസിറ്റിക്കായി എത്ര തുക നാളിതുവരെ അനുവദിച്ചു വിശദാംശം നൽകുമോ;

(ഇ) പ്രസ്തുത ഫിലിംസിറ്റിയുടെ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചുവോ; ഇല്ലെങ്കിൽ എന്നാരംഭിക്കുവാൻ കഴിയും വിശദമാക്കുമോ?

സമർപ്പിച്ചിട്ടുണ്ടെങ്കിലും ടി ശുപാർശ ആസ്തി വികസന ഫണ്ടിന്റെ മാർഗ്ഗ നിർദ്ദേശങ്ങൾ അനുസരിച്ചല്ലാത്തതിനാൽ ആയത് അംഗീകരിക്കുവാൻ നിർവ്വാഹമില്ലെന്ന് ധനകാര്യ വകുപ്പ് അറിയിച്ചിരിക്കുകയാണ്.

സെക്ഷൻ ഓഫീസർ

155

## [M]inutes of the Meeting to discuss the proposal of the establishment of a [F]ilm City at Ottappalam in Palakkad District at 4 pm on 14.2.2012 in the Chief Minister's Conference Hall, Government Secretariat, North Block, Thiruvananthapuram.

List of Participants

1. Sri. M. Hamsa. M.L.A, Ottappalam.
2. Sri. Sajen Peter, Principal Secretary, CAD.
3. V.J. Kurian, Principal Secretary, Irrigation Department.
4. Dr. B. Ashok IAS, Managing Director, KSFDC.
5. Sri. E.K. Prakash, Special Secretary, Finance Department.
6. Smt. B.S. Pavana Kumari, Joint Secretary, Cultural Affairs Dept.
7. Sri. Sabu Cherian, Chairman, KSFDC.
8. Sri. Satya Kumar. S. A.O., KSFDC
9. Sri. Manoharan Kaduvengal. Under Secretary. CAD.
10. Sri. T.R. Lalan, KSFDC
11. Sri. Sree Kumar. KSFDC
12. Sri. N. Harikumar, Studio Manager in, KSFDC.

The meeting commenced at 4.30 pm with Hon'ble Chief Minister in the Chair. In his introductory address, the Hon'ble Chief Minister while supporting the project of setting up a Film City at Ottappalam, enquired about the availability of land for the proposed Film City to be set up in Ottappalam. The Principal Secretary, Irrigation Department gave the details of the land available with Irrigation Department at Ottappalam and offered to transfer four acres of land for the proposed project. The Hon'ble Chief Minister accepted this suggestion and the Chairman, Kerala State Film Development Corporation also agreed that the extent offered by the Irrigation Department would suffice their requirement. Chief Minister made it clear that the transfer of land by Irrigation Department for setting up of Film City at Ottappalam as agreed to in

the meeting will be subject to payment of nominal government lease or value fixed by District Collector if the proposed project is conceived as a Public Private Partnership. The meeting arrived at a consensus on approving the project in principle. A Detailed Project Report of will be got prepared early.

The meeting concluded at 4.50 pm.

**ഒറ്റപ്പാലം ഫിലിം സിറ്റി സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് ചർച്ച**
**ചെയ്യുന്നതിനായി മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ജൂൺ മാസം 13 ാം**
**തീയതി ഉച്ചയ്ക്ക് 3.30 മണിക്ക് മുഖ്യമന്ത്രിയുടെ അസംബ്ലി ചേംബറിൽ വച്ച്**
**കൂടിയ യോഗത്തിന്റെ നടപടിക്കുറിപ്പ്.**

ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന
യോഗം 3.45 ന് ആരംഭിച്ചു. ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ഒറ്റപ്പാലം ഫിലിം സിറ്റി സ്ഥാപിക്കുന്ന വിഷയം ചർച്ച ചെയ്തു. ബഹു.
യോഗത്തിൽ ഒറ്റപ്പാലം ഫിലിം സിറ്റി സ്ഥാപിക്കുന്ന വിഷയം ചർച്ച ചെയ്തു. ബഹു.
എം.എൽ.എ. ശ്രീ.എം.ഹംസ, റവന്യൂ/സാംസ്കാരിക വകുപ്പ് സെക്രട്ടറിമാർ,
കെ.എസ്.എഫ്.ഡി.സി. എം.ഡി, ജലവിഭവ വകുപ്പ്, റവന്യു വകുപ്പ്, പാലക്കാട്
കളക്ട്രേറ്റ് എന്നിവിടങ്ങളിൽ നിന്നുളള മറ്റ് ഉദ്യോഗസ്ഥർ എന്നിവരുടെ
സാന്നിദ്ധ്യത്തിൽ നടന്ന ചർച്ചയിൽ താഴെ പറയുന്ന തീരുമാനങ്ങൾ കൈക്കൊണ്ടു:

(1) ഭൂമി ലഭ്യമാക്കുന്നതിനായി എത്രയും വേഗം അനന്തര നടപടി സ്വീകരിക്കുവാൻ റവന്യൂ വകുപ്പ് സെക്രട്ടറിയോട് ബഹു. മുഖ്യമന്ത്രി നിർദ്ദേശിച്ചു.

(2) ജലവിഭവ വകുപ്പ് സെക്രട്ടറി റവന്യൂ വകുപ്പ് സെക്രട്ടറിയ്ക്ക് ഭൂമി അനുവദിക്കുവാനുളള എൻ.ഒ.സി. നൽകുന്നതാണെന്ന് അറിയിച്ചു.

(3) കെ.എസ്.എഫ്.ഡി.സി., മാനേജിംഗ് ഡയറക്ടർ ജലവിഭവ വകുപ്പിനും റവന്യൂ വകുപ്പിനും ഒറ്റപ്പാലം ഫിലിം സിറ്റി സ്ഥാപിക്കുന്ന ആവശ്യം ത്വരിതപ്പെടുത്തുന്നതിനായി അപേക്ഷ സമർപ്പിക്കുന്നതാണ്.

യോഗം 4 മണിക്ക് അവസാനിച്ചു.